# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1089** 10.08.2017 ൽ മറുപടിക്ക്

**കിഫ്ബിയിൽപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി പി.അയിഷാപോറ്റി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കിഫ്ബിയിൽപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികളുടെ മേൽ നോട്ടത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) കിഫ്ബിയിൽ ഉൾപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നത് പൊതു മരാമത്ത് വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)കൾ വഴിയാണ്. പൊതുമരാമത്ത് വകുപ്പിനു കീഴിൽ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (RBDCK), റിക്ക്, കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ , KRTL എന്നീ സ്ഥാപനങ്ങളെയാണ് SPV കൾ ആയി നിയമിച്ചിട്ടുള്ളത്. |
| (ബി) കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി നിർവ്വഹണത്തിനായി പൊതു മരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഏജൻസികൾക്ക് കൈമാറുന്ന പ്രവൃത്തികളുടെ സാങ്കേതിക അനുമതി, ടെണ്ടർ നടപടികൾ എന്നിവ നടപ്പിലാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | (ബി) പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കളിൽ Technical Sanction കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. Technical Sanction നൽകിക്കഴിഞ്ഞാൽ അതാത് എസ്.പി.വി. കൾ ടെണ്ടർ ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**